**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1141** **31-01-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) | ഉന്നത വിദ്യാഭ്യാസം നൽകി മത്സ്യ ത്തൊഴിലാളികളുടെ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിവിധ ആനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു. 2023-24 ൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യത്തിനായി പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 702 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ വകയിരുത്തിയിരുന്ന 25 കോടി രൂപയും വിവിധ ജില്ലകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരീക്ഷയ്ക്കുള്ള പരിശീലനം, റസിഡൻഷ്യൽ ബാങ്ക് ടെസ്റ്റ് പരിശീലനം, സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള പരിശീലനം, എൻ.ഐ.ടി/ ഐ.ഐ.ടി എൻട്രൻസ് പരീക്ഷകൾക്കുള്ള പരിശീലനം എന്നിവ നൽകി വരുന്നു. 2015-16 മുതൽ 2022-23 വരെ 533 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുകയും ഇതിൽ 84 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് നും 63 വിദ്യാർത്ഥികൾക്ക് ബി.ഡി.എസ്., ബി.എ.എം.എസ്, ബി.എച്ച്.എം.സ്, ബി.വി.എസ്.സി തുടങ്ങിയ ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്.<br><br>തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ |

| | | | |
|---|---|---|---|
| | | | ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കിവരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടിവി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം പദ്ധതി നടപ്പാക്കിവരുന്നു.<br><br>തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്തെ കുറിച്ചും തൊഴിൽ മേഖലകളെ കുറിച്ചും മനസിലാക്കുന്നതിനു കരിയർ ഗൈഡൻസ് പ്രോഗ്രാം നൽകി വരുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം മെഡിക്കൽ എൻട്രൻസ് പരിശീലനത്തിനായി 108 വിദ്യാർത്ഥികളും എൻ.ഐ.ടി/ഐ.ഐ.ടി എൻട്രൻസ് പരിശീലനത്തിനായി 8 വിദ്യാർത്ഥികളും സിവിൽ സർവ്വീസ് പരിശീലനത്തിനായി 11 വിദ്യാർത്ഥികളും എംപാനൽ ചെയ്ത വിവിധ സ്ഥാപനങ്ങളിൽ പഠിച്ചു വരുന്നുണ്ട്. |
| (ബി) | കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനും സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ? | (ബി) | ഉന്നത വിദ്യാഭ്യാസം നൽകി മത്സ്യത്തൊഴിലാളികളുടെ മക്കളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിദ്യാതീരം എന്ന തുടർ പദ്ധതി നടപ്പിലാക്കി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ താമസിച്ചും അല്ലാതെയും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മെസ് അലവൻസ് ഇനത്തിലും, സ്റ്റഡി ടൂറിനുള്ള തുക, വിവിധ ക്ലബ് പ്രവർത്തനത്തിനുള്ള തുക, മെഡിക്കൽ എയ്ഡ്/ കൗൺസിലിംഗ് നൽകുന്നതിനും പിന്നോക്കം നിൽക്കുന്ന വിഷയങ്ങളിൽ മൈക്രോ ടീച്ചിംഗ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനും എക്സ്ട്രാ കരിക്കുലർ ഇനത്തിൽ മ്യൂസിക്/ മാർഷൽ ആർട്ട് എന്നിവയ്ക്കും അദ്ധ്യാപകരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും തുക അനുവദിക്കുന്നുണ്ട്. ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര നടപടികൾ നടപ്പാക്കിവരുന്നു.<br><br>മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 |

| | | | |
|---|---|---|---|
| | | | ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടിവി, പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് പ്രതിഭാതീരം പദ്ധതി നടപ്പാക്കിവരുന്നു.<br><br>തീരദേശത്തെ 10 ജി. ആർ. എഫ്. ടി. എച്ച്. എസ്.-കൾ ഉൾപ്പെടെ 14 വിദ്യാലയങ്ങളിൽ കായിക പരിശീലനത്തിനായി സ്പോർട്ട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനായി വിദ്യാതീരം പദ്ധതിയിൽ ഉൾപ്പെടുത്തി 42.95 ലക്ഷം രൂപ സ്പോർട്ട്സ് കേരള ഫൗണ്ടേഷനു അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ തീരദേശത്തെ തിരഞ്ഞെടുത്ത 7 വിദ്യാലയങ്ങളുടെ കായിക അടിസ്ഥാന സൗകര്യ വികസനങ്ങൾ നടപ്പാക്കുന്നതിനായി 350 ലക്ഷം രൂപയുടെ പദ്ധതിയും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ